# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 860** **03.12.2014 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം - ആളിയാർ കരാർ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നു വിശദമാക്കുമോ; | (എ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന്, കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്ത ജല ക്രമീകരണ ബോർഡിൻെറ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുകയും തദനുസരണം അർഹതപ്പെട്ട ജലം കൃത്യമായി നേടിയെടുക്കാറുമുണ്ട്. ഇത്തരം പരിശ്രമങ്ങൾ ഫലവത്താകാത്ത സാഹചര്യങ്ങളിൽ സർക്കാരിൻെറ സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെ കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം നേടിയെടുക്കുകയും ചെയ്തുവരുന്നു. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി.എ.പി യിൽ നിന്ന് ലഭിച്ചില്ല.<br><br>തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച് സർക്കാർ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിലെ ധാരണയുടെ അടിസ്ഥാനത്തിലും |

ഇക്കാര്യത്തിൽ ലഭിച്ച സാങ്കേതികവും നിയമപരവുമായ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലും തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) 2010 മുതൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവും, ലഭിച്ച ജലത്തിന്റെ അളവും സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) 2009-10 ജലവർഷം മുതൽ പി. എ. പി കരാർ പ്രകാരം കേരളത്തിന് ലഭിച്ചതും കേരളത്തിന് കരാർ പ്രകാരം അവകാശപ്പെട്ടതുമായ ജലത്തിന്റെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അന്തർ സംസ്ഥാന നദീജലക്കരാർ കാലോചിതമായി പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ കരാർ എന്നാണ് നിലവിൽ വന്നത് ; പ്രസ്തുത കരാർ എത്രകാലത്തേയ്ക്കായിരുന്നു?

(സി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതു വരെ യാഥാർത്ഥ്യമായിട്ടില്ല. 1970 മേയ് 29-നു നിലവിൽ വന്ന കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പി.എ.പി. കരാർ പ്രകാരം 2009 -2010 ജലവർഷം മുതൽ ലഭിക്കേണ്ടതും ലഭിച്ചതുമായ ജലത്തിന്റെ അളവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

**Kerala's entitlement as per agreement:**

1) At Manacadavu Weir Agreement Quantity: 7250 Mcft

2) At Kerala Sholayar Agreement Quantity: 12300 Mcft

3) At Upper Nirar Weir, Quantity is not specified in the Agreement, but the entire flow from the period of 1st of October to 31st January every year shall be let down to Kerala

**Water Received by Kerala from the Water Year 2009 -10 onwards**

| Water Year | At Kerala Sholayar Quantity Received in Mcft. | At Manacadavu Weir | | Upper Nirar quantity received in Mcft. |
|---|---|---|---|---|
| | | Quantity realised in Mcft. | Quantity Accepted in Mcft. | |
| 2009-10 | 12307 | 13344 | 7581 | 1243 |
| 2010-11 | 12334 | 14079 | 7759 | 1561 |
| 2011-12 | 12321 | 13892 | 7812 | 960 |
| 2012-13 | 10663 | 5876 | 5574 | 763 |
| 2013-14 | 12950 | 10704 | 7521 | 950 |

True Copy

[signature]

Section Officer